hsCAP NIC
Centralized Allotment Process for Higher Secondary Courses

# ഹയർസെക്കൻഡറി ഏകജാലകം 2018:

## മുൻവർഷത്തെ അവസാനറാങ്ക് പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ഏകജാലകപ്രവേശനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് ഓപ്ഷൻ നൽകുന്ന പ്രക്രിയ. വിദ്യാർത്ഥിക്ക് പഠിക്കാൻ താൽപര്യമുള്ള സ്കൂളും കോംബിനേഷനും തെരഞ്ഞെടുക്കുന്നതിനാണ് ഓപ്ഷൻ എന്ന് പറയുന്നത്. അപേക്ഷകൻ/അപേക്ഷക പഠിക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സ്കൂളും കോംബിനേഷനും ആദ്യ ഓപ്ഷനായി നൽകണം. ആദ്യ ഓപ്ഷൻ ലഭിച്ചില്ലെങ്കിൽ പിന്നീട് പരിഗണിക്കേണ്ട സ്കൂളും കോംബിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകണം. ഇങ്ങനെ കൂടുതൽ ഇഷ്ടപ്പെടുന്ന ഓപ്ഷനുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ ക്രമീകരിക്കണം. അപേക്ഷകന് യാത്രാസൗകര്യവും പഠിക്കാൻ താല്പര്യവുമുള്ള സ്കൂളുകൾ മാത്രമെ തെരഞ്ഞെടുക്കാവൂ.

അവരവരുടെ മാർക്കും ഗ്രേഡ് പോയിന്റുമനുസരിച്ച് പ്രവേശനം ലഭിക്കാൻ സാധ്യതയുള്ള സ്കൂളുകളും കോംബിനേഷനുകളും മനസ്സിലാക്കി ഓപ്ഷനുകൾ നൽകിയാൽ ആദ്യ അലോട്ട്മെന്റുകളിൽതന്നെ ഇഷ്ടപ്പെട്ട സ്കൂളുകളിൽ പ്രവേശനം ലഭിക്കും. ഫലപ്രദമായി ഓപ്ഷൻ നൽകാൻ മുൻവർഷത്തെ പ്രവേശനവിവരങ്ങൾ അറിഞ്ഞിരിക്കുന്നത് സഹായകരമാണ്. കഴിഞ്ഞവർഷം ഓരോ ജില്ലയിലെയും വിവിധ സ്കൂളുകളിൽ ഒന്നാമത്തെ അലോട്ട്മെന്റിന് ശേഷം പ്രവേശനം ലഭിച്ച വിവിധ കാറ്റഗറികളിലെ അവസാനറാങ്കും അവസാനറാങ്കിന്റെ WGPA യും ഇവിടെ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ജില്ലയിലെ എല്ലാ സ്കൂളുകളിലെയും അവസാനറാങ്ക് വിവരങ്ങൾ, അവസാനറാങ്കിന്റെ WGPA, പ്രത്യേക വിഷയകോംബിനേഷന്റെ മാത്രം റാങ്ക്, WGPA വിവരങ്ങൾ, പ്രത്യേക സ്കൂളിന്റെ മാത്രം റാങ്ക്, WGPA വിവരങ്ങൾ, പ്രത്യേക കാറ്റഗറിയുടെ മാത്രം റാങ്ക്, WGPA വിവരങ്ങൾ ഇങ്ങനെ പലരീതിയിലുള്ള വിവരങ്ങൾ ലഭ്യമാകുന്ന സംവിധാനമാണിത്.

ഉദാഹരണമായി, പട്ടികജാതി വിഭാഗത്തിൽപെട്ട ഒരു വിദ്യാർത്ഥിക്ക് തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ തന്റെ കാറ്റഗറിയിൽപ്പെടുന്ന വിദ്യാർത്ഥികളിൽ എത്ര മാർക്ക് വരെ ലഭിച്ചിട്ടുള്ളവർക്ക് കഴിഞ്ഞവർഷം ഒന്നാമത്തെ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ ബയോളജി സയൻസ് കോംബിനേഷനിൽ പ്രവേശനം ലഭിച്ചു എന്ന് മനസ്സിലാക്കാൻ വെബ്സൈറ്റിൽ പ്രവേശിച്ച്, ജില്ല തെരഞ്ഞെടുക്കാനുള്ള ബോക്സിൽ തിരുവനന്തപുരം എന്നും, കാറ്റഗറി തെരഞ്ഞെടുക്കാനുള്ള ബോക്സിൽ എസ്.സി. എന്നും, കോംബിനേഷൻ തെരഞ്ഞെടുക്കാനുള്ള ബോക്സിൽ 01 ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ബയോളജി എന്നും തെരഞ്ഞെടുത്തശേഷം വ്യൂ ബട്ടൻ പ്രസ്സ് ചെയ്താൽ മതി. വിവിധ സ്കൂളുകളിലെ അവസാനറാങ്കും അവസാനറാങ്കിന്റെ WGPA യും ഇവിടെ കാണാം. ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കുക, ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നത് കഴിഞ്ഞവർഷം ഒന്നാമത്തെ അലോട്ട്മെന്റിന് ശേഷമുള്ള വിവരങ്ങളാണ്. തുടർന്നുള്ള അലോട്ട്മെന്റുകളിൽ അല്പം കൂടി താഴ്ന്ന WGPA ഉള്ള വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. WGPA എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ? പ്രോസ്പെക്ടസ്സിന്റെ 16-ാം ഖണ്ഡികയിൽ ഇതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. നിങ്ങളുടെ WGPA കണക്ക്കൂട്ടി നോക്കാൻ

സഹായിക്കുന്ന WGPA കാൽക്കുലേറ്ററും ഈ വെബ്സൈറ്റിലുണ്ട്. ഹോം പേജിൽകാണുന്ന To Calculate Weighted Grade Point Average എന്ന് രേഖപ്പെടുത്തിയതിന് ശേഷമുള്ള **click here** ബട്ടണിൽ ക്ലിക്ക് ചെയ്താൽ താഴെക്കാണുന്നപോലുള്ള ഒരു പേജ് ദൃശ്യമാകും.




ബോണസ് പോയിന്റുകൾക്ക് അർഹതയുണ്ടെങ്കിൽ ആ വിവരങ്ങളാണ് ആദ്യം സൂചിപ്പിക്കേണ്ടത്. കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ (എസ്.എസ്.എൽ.സി) പാസ്സായതാണോ എന്നതാണ് ആദ്യത്തെ ചോദ്യം. അതേയെന്നാണുത്തരമെങ്കിൽ **Yes** എന്ന റേഡിയോ ബട്ടണിൽ ക്ലിക്ക് ചെയ്യുക. നിങ്ങൾ താമസിക്കുന്ന അതേ താലൂക്കിലുള്ള സ്കൂളിലേക്ക് തന്നെയാണോ അപേക്ഷിക്കുന്നത് എന്നതാണ് അടുത്ത ചോദ്യം. അതേയെന്നാണുത്തരമെങ്കിൽ **Yes** എന്ന റേഡിയോ ബട്ടണിൽ ക്ലിക്ക് ചെയ്യുക. അതേ പഞ്ചായത്തിലെയോ, മുനിസിപ്പാലിറ്റിയിലെയോ, കോർപറേഷനിലെയോ സ്കൂളുകളിലേക്കാണോ അപേക്ഷിക്കുന്നത്? എന്നതാണ് അടുത്ത ചോദ്യം. നിങ്ങൾ പത്താം ക്ലാസ്സിൽ പഠിച്ച സ്കൂളിലേക്ക് തന്നെയാണോ അപേക്ഷിക്കുന്നത്?, നിങ്ങളുടെ പഞ്ചായത്തിൽ ഒരു ഗവൺമെന്റ്/ എയിഡഡ് ഹയർസെക്കൻഡറി സ്കൂളെങ്കിലുമുണ്ടോ?, നിങ്ങൾ ജവാന്റെ ആശ്രിതനാണോ?, കൃത്യനിർവ്വഹണത്തിനിടയിൽ വധിക്കപ്പെട്ട ജവാന്റെ ആശ്രിതനാണോ?, എൻ.സി.സി.യുടെയോ സ്കൗട്ടിന്റെയോ നീന്തൽ അറിവിന്റെയോ സ്റ്റുഡൻറ് പോലിസ് കേഡറ്റിന്റെയോ (GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ചമാതിരി) ബോണസ് പോയിന്റുകൾ അവകാശപ്പെടുന്നുണ്ടോ? എന്നീ ചോദ്യങ്ങൾക്ക് കൃത്യമായി **Yes** എന്നോ **No** എന്നോ ക്ലിക്ക് ചെയ്ത ശേഷം എത്ര തവണകളായാണ് പത്താം ക്ലാസ്സ് പാസ്സായതെന്ന് രേഖപ്പെടുത്തുക. 2018 മാർച്ചിൽ പാസ്സായ വിദ്യാർത്ഥി 1 എന്നാണ് ടൈപ്പ് ചെയ്യേണ്ടത്. ഗ്രേഡ് പോയിന്റ് വിവരങ്ങൾ രേഖപ്പെടുത്താനുള്ള ബോക്സുകളിൽ ആകെ പേപ്പറുകളുടെ എണ്ണം, ആകെ ലഭിച്ച ഗ്രേഡ് പോയിന്റുകൾ( A+ ന് 9 പോയിന്റായത് കൊണ്ട് 10 പേപ്പറിനും A+ ലഭിച്ചാൽ 90 എന്ന് രേഖപ്പെടുത്തണം). **വിവിധ ഗ്രേഡുകൾക്കുള്ള പോയിന്റുകൾ താഴെ സൂചിപ്പിക്കുന്നു.**

ഗ്രേഡ് : A+ A B+ B C+ C D+
ഗ്രേഡ് പോയിന്റ്: 9 8 7 6 5 4 3

അപേക്ഷിക്കുന്ന കോംബിനേഷന് വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണവും ആ വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റും കൂടി ടൈപ്പ് ചെയ്ത ശേഷം സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്താൽ WGPA കാണാം. ഗ്രേഡിങ് രീതിയിലല്ലാത്ത സ്കീമുകളിൽപെട്ട വിദ്യാർത്ഥികൾക്കായി ഓരോ വിഷയത്തിനും ലഭിച്ച മാർക്കും ആകെ മാർക്കും ടൈപ്പ് ചെയ്താൽ ഗ്രേഡ് പോയിന്റ് കണക്കാക്കാനുള്ള കാൽക്കുലേറ്ററാണ് ഇതേ വെബ്പേജിൽ വലത് വശത്ത് കാണുന്നത്.

ഏകജാലക പ്രവേശന സംവിധാനത്തിനായുള്ള വെബ്പോർട്ടൽ അഡ്രസ് www.hscap.kerala.gov.in എന്നതാണ്. ഹോം പേജിലെ 'PUBLIC' ടാബിനു താഴെയുള്ള 'APPLY ONLINE-SWS' ലിങ്കിൽ ക്ലിക്ക് ചെയ്യുക. ലോഗിൻ പേജിൽ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ജില്ല, യോഗ്യതാ പരീക്ഷയുടെ സ്കീം, രജിസ്റ്റർ നമ്പർ,മാസം ,വർഷം,ജനനതീയതി എന്നിവ നൽകിയ ശേഷം 'Mode of Fee Payment' സെലക്ട് ചെയ്യണം. **അപേക്ഷാഫീസ് രണ്ടുവിധത്തിൽ അടക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധരേഖകളും അപേക്ഷിക്കുന്ന ജില്ലയിൽ ഏതെങ്കിലും സർക്കാർ/എയിഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ സമർപ്പിക്കുവാൻ കഴിയുമെങ്കിൽ അപേക്ഷ ഫീസ് നേരിട്ട് ആ സ്കൂളിൽ അടച്ചാൽ മതിയാകും( Cash Paid to School). അപേക്ഷിക്കുന്ന ജില്ലയിൽ നേരിട്ട് അപേക്ഷയുടെ പ്രിൻറൗട്ട് സമർപ്പിക്കുവാൻ കഴിയാത്തവർ മാത്രം DD മുഖാന്തിരം ( By Demand Draft )അപേക്ഷ ഫീസ് അടച്ചതിനുശേഷം മാത്രം അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ ആരംഭിക്കണം. അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം നൽകിയ വിവരങ്ങൾ മാറ്റാവുന്നതല്ല.**

അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിച്ചു കഴിഞ്ഞ ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പു വെച്ച അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും താഴെ പ്രതിപാദിക്കും പ്രകാരം വെരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്.

DEMAND DRAFT ആയി ഫീസ് അടച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർ വെരിഫിക്കേഷനായി "**അനുബന്ധം 7** "ൽ നിർദ്ദേശിച്ചിരിക്കുന്ന സ്ക്കൂൾ പ്രിൻസിപ്പാളിന് അപേക്ഷയും സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും അപേക്ഷാ ഫീസായ 25 രൂപയുടെ"DEMAND DRAFT" ഉം അയച്ചു കൊടുക്കേണ്ടതാണ്. എന്നാൽ Cash Paid to School എന്ന Mode of Fee Payment' ലൂടെ ഓൺലൈനായി അപേക്ഷിച്ചവർ ജില്ലയിലെ ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർ സെക്കൻററി സ്കൂളിൽ അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വെരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ

ഫീസായ 25 രൂപ അടക്കേണ്ടതാണ്. **ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സ്കൂളുകളിൽ നിന്നും വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു.**